## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അമരമ്പലം ഗ്രാമപഞ്ചായത്ത് 2009-10 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(4), 3(8) എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 810/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 26/03/2013

പരാമർശം:- 1) അമരമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24/01/2012-ലെ ബി1-6415/11 നമ്പർ കത്ത്.
2) 29/01/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പി13/24970/12 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ വീടിന്റെ അറ്റകുറ്റപ്പണിക്കായി പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കാതെ 2,50,000/- രൂപ നൽകിയതിന് ഖണ്ഡിക 3(4) പ്രകാരവും ഗർഭ രക്ഷാ മരുന്നുകൾ വാങ്ങാൻ 3,75,000/- രൂപ സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിൽ ചെലവഴിച്ചതിനാൽ ഖണ്ഡിക 3(8) പ്രകാരവും നിരാകരിച്ചിരുന്നു. ടി തുകകൾക്ക് സാധൂകരണം നൽകണമെന്ന 26/09/2011-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 290/2011-ാം നമ്പർ തീരുമാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം പരിഗണിച്ചും ഓഡിറ്റ് നിരാകരിച്ച തുകക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4)-ൽ തടസ്സപ്പെടുത്തിയ 2,50,000/- രൂപ (രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടിയും ഖണ്ഡിക 3(8) -ൽ തടസ്സപ്പെടുത്തിയ 3,75,000/- രൂപ (മൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) ചെലവഴിച്ച നടപടിയും സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, അമരമ്പലം ഗ്രാമ പഞ്ചായത്ത്, മലപ്പുറം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ